LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ)

ക്രമ നമ്പർ	മുനിസിപ്പൽ കോർപ്പറേഷനുകൾ	തുക
1.	തിരുവനന്തപുരം	318955950 രൂപ
2.	കൊല്ലം	99116034 രൂപ
3.	കൊച്ചി	220724229 രൂപ
4.	തൃശ്ശൂർ	95722559 രൂപ
5.	കോഴിക്കോട്	212286563 രൂപ

നഗരസഭകൾ തിരിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഇക്കാര്യം പരിശോധിച്ചുവരുന്നു.

ശ്മശാന ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ

65 (5413) ശ്രീ. എ. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശ്മശാനത്തിലെ പണിയെടുക്കുന്നതിനായി തിരുവിതാംകൂർ രാജാക്കന്മാരുടെ നിർദ്ദേശപ്രകാരം ഇതര സംസ്ഥാനങ്ങളിൽ നിന്നും കൊണ്ടുവന്നവരുടെ പിൻതുടർച്ചക്കാരാണ് ഇപ്പോൾ ശ്മശാനത്തിൽ (ശാന്തികവാടം) പണിയെടുക്കുന്നവരെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; പ്രസ്തുത ജീവനക്കാർക്ക് സർക്കാരിൽ നിന്നും നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്താമോ ;

(ബി) ശാന്തികവാടത്തിലെ ജീവനക്കാർക്ക് പെൻഷനോ മറ്റു ആനുകൂല്യങ്ങളോ നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(സി) ശ്മശാന ജീവനക്കാരുടെ ആവശ്യങ്ങളെ സംബന്ധിച്ച് അവരുമായി ചർച്ച ചെയ്ത് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ?

---

* ലൈബ്രറിയിൽവച്ചിട്ടുണ്ട്.

ഉത്തരം

(എ) ഇല്ല. തിരുവനന്തപുരം നഗരസഭയുടെ കീഴിൽ തൈക്കാട് പ്രവർത്തിക്കുന്ന ശ്മശാനമായ ശാന്തി കവാടത്തിൽ കുടുംബശ്രീ മുഖേനയും കരാർ അടിസ്ഥാനത്തിലും നിയമിച്ചവരാണ് പ്രവർത്തിച്ചുവരുന്നത്. ഇവർക്ക് സർക്കാരിൽനിന്നും പ്രത്യേകിച്ച് ആനുകൂല്യമൊന്നും നൽകുന്നില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച് നിവേദനം കിട്ടുന്ന മുറയ്ക്ക് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

ചാലക്കുടി നഗരസഭയിലെ ടൗൺ ഹാൾ നിർമ്മാണം

66 (5414) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചാലക്കുടി നഗരസഭ, ടൗൺ ഹാൾ നിർമ്മാണത്തിനായി ഓൺ-ഹണ്ടിൽ നിന്നും കൗൺസിൽ തീരുമാനമില്ലാതെ 85 ലക്ഷത്തോളം രൂപ വകമാറ്റി ചെലവഴിച്ച കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത ടൗൺ ഹാൾനിർമ്മാണം സംബന്ധിച്ച് എന്തെങ്കിലും പരാതികൾ ലഭിച്ചിട്ടുണ്ടോ ; ഉണ്ടെങ്കിൽ എന്ത നടപടിയാണ് കൈക്കൊണ്ടിട്ടുള്ളതെന്ന വ്യക്തമാക്കാമോ ;

(സി) സ്വകാര്യ വ്യക്തികളിൽ നിന്നും ടൗൺ ഹാൾ നിർമ്മാണത്തിനായി ഫണ്ട് പിരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ ;

(ഡി) നഗരസഭ ടൗൺ ഹാൾ നിർമ്മാണത്തിലെ അഴിമതിയും ക്രമക്കേടും അന്വേഷിക്കുന്നതിനും, ആരിൽ നിന്നൊക്കെ എത്ര തുകയാണ് നഗരസഭ പിരിച്ചിട്ടുള്ളത് എന്ന് പ്രസിദ്ധപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഇല്ല.

(ബി) ലഭിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള നഗരസഭാ സെക്രട്ടറിയുടെ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(സി) ചാലക്കുടി മുനിസിപ്പൽ കൗൺസിലിന്റെ 2-5-2011-ലെ 1-ാം നമ്പർ തീരുമാനപ്രകാരം പൊതുജനങ്ങളിൽനിന്നും ഉപാധികളില്ലാതെ സൗജന്യമായി ധനസഹായം സ്വീകരിച്ച് ടൗൺഹാൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

(ഡി) പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly